# രഹസ്യം

ജീവിതകാലമത്രയും കടലിനെ പോഷിപ്പിക്കാൻ നിരന്തരം ഒഴുകിയ പുഴയുടെ ജീർണ്ണിച്ചുവീർത്ത ശവംപോലെ പാലത്തിനടിയിൽ കറുത്തുകൊഴുത്ത ജലം കെട്ടിക്കിടന്നു. അതിനുമീതെ, ആരോ എടുത്തെറിഞ്ഞ ഒരഴുക്കുതുണിപോലെ പാലത്തിൻെറ നിഴൽ പരന്നുകിടന്നു. കൊടുംവേനലിനാൽ നഗ്നമാക്കപ്പെട്ട മണൽപ്പുറം, കരകളിലുള്ള പൊന്തക്കാടുകളോടൊപ്പം നദിയുടെ ഉയിർത്തെഴുന്നേൽപ്പും കാത്തു തപസ്സിരുന്നു.

പാലത്തിൽനിന്ന് ബാലക്രുഷ്ണൻ താഴേക്കുനോക്കി. വർഷങ്ങൾക്കുമുൻപ് ഈ നദിയിൽ ഒഴുക്കിൽപെട്ടുപോയത് ഓർമ്മവന്നു. അന്ന് ആരൊക്കെയോ ചേർന്ന് തന്നെ രക്ഷിച്ചു. ഇന്ന് ജീവിതത്തിൻെറ ഒഴുക്കിൽപെട്ട് കൈകാലിട്ടടിക്കുമ്പോൾ ആരുണ്ട് ഒന്നു രക്ഷിക്കാൻ?

വീട്ടിലേക്കുനടക്കുമ്പോൾ സ്വന്തം ജീവിതപ്രശ്നങ്ങളായിരുന്നു അവൻെറ മനസ്സുനിറയെ. വസ്തുവകകൾ വിറ്റ് തന്നെ ഒരു ബിരുദധാരിയാക്കിയപ്പോൾ എന്തെന്തു സ്വപ്നങ്ങളായിരിക്കും തൻെറ മാതാപിതാക്കളുടെ മനസ്സിൽ വിരിഞ്ഞത്? ഇന്നവയെല്ലാം മണ്ണടിഞ്ഞു. പാസ്സായിട്ട് വർഷം നാലായി. ഇതുവരേയും ഒരു ജോലി ലഭിച്ചില്ല.

തൻെറ ഡിഗ്രിയേപ്പറ്റി ഒരുവക പ്രതികാരത്തോടെയാണ് അവൻ ഇപ്പോൾ ചിന്തിക്കുന്നത്. ആ കടലാസ്സാണ് തന്നെ ഒന്നിനും കൊള്ളരുതാത്തവനാക്കിയത്. ഇല്ലെങ്കിൽ കൂലിവേലയ്ക്കെങ്കിലും ആരെങ്കിലും വിളിയ്ക്കുമായിരുന്നു. പക്ഷെ ഒരു ഡിഗ്രിക്കാരന് കൂലിവേലക്കാരനാകാൻ ഒക്കുമോ?

അപേക്ഷകളയയ്ക്കാൻ കടം വാങ്ങിയ പണം തിരിച്ചുകൊടുക്കാൻപോലും കഴിഞ്ഞിട്ടില്ലെന്ന് അവൻ വേദനയോടെ ഓർത്തു. അപേക്ഷകളയയ്ക്കാൻ ചെലവാക്കിയ രൂപയുണ്ടായിരുന്നെങ്കിൽ ഒരു ചെറിയ കട തുടങ്ങാനുള്ള മൂലധനമുണ്ടാകുമായിരുന്നു!

ബസ്സുകളും കാറുകളും ഇരമ്പിപ്പാഞ്ഞുകൊണ്ടിരുന്ന ആ നിരത്തിൽകൂടി ഒറ്റപ്പെട്ട ഒരു യാത്രികനേപ്പോലെ അവൻ നടന്നു. ഇപ്പോൾത്തന്നെ വീട്ടിലേക്കുപോയിട്ട് എന്തുചെയ്യാനാണ്? ദുർമ്മുഖം കാണിക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കുന്നെങ്കിലും അവരുടെ മനസ്സിലെ നീറ്റൽ തനിക്കു നന്നായറിയാം. തനിക്കു വിഷമമുണ്ടാക്കാതിരിക്കാൻ എപ്പോഴും കരുതുന്ന സാധുക്കൾ. പക്ഷെ ഇതെത്രനാൾ തുടരും? എന്നെങ്കിലും, എപ്പോഴെങ്കിലും ഇതിനൊരു പരിഹാരം ഉണ്ടായല്ലേ മതിയാകൂ.

എതിരേവരുന്ന ബസ്സുകളിലേക്ക് അവൻ തുറിച്ചുനോക്കി. അതിലെ യാത്രക്കാർക്കെല്ലാം ഒരു ലക്ഷ്യമുണ്ട്. പക്ഷെ തനിക്കോ? ആ ബസ്സിലെങ്ങാനും കയറി ആരും തിരിച്ചറിയാത്ത ഏതെങ്കിലും നാട്ടിൽചെന്ന് എന്തെങ്കിലും പണിയെടുത്ത് ജീവിക്കുന്നതിനേപ്പറ്റി അവൻ ആലോചിച്ചു. എന്തെങ്കിലുമൊക്കെ ചെയ്ത് ജീവിതമാർഗ്ഗമുണ്ടാക്കുക. അങ്ങനെ അജ്ഞാതനായി ജീവിക്കുന്നതിലുള്ള രസം ഭാവനയിൽ അവൻ ആസ്വദിച്ചു. അങ്ങനെ ജീവിച്ചുജീവിച്ച് ഒരുദിവസം പെരുവഴിയിൽ കിടന്നു മരിക്കുക. സ്വന്തം ജീവചരിത്രം എഴുതി കയ്യിൽ വച്ചുകൊണ്ട് മരിക്കണം. മരിക്കാനായി ഈ തെരുവുകളിലേക്കു തിരിച്ചെത്തണം. ആ അജ്ഞാതമൃതദേഹവും, നാട്ടുകാരുടെ താൽപര്യവും ഒടുവിൽ ആ ജീവചരിത്രം നാട്ടുകാർ വായിക്കുന്നതും, എന്തിന്, സ്വന്തം ശവമടക്കുപോലും അയാൾ മനസ്സിൽ കണ്ടു. പരിപാടികൾ പ്രാവർത്തികമാക്കാനും താൽപര്യം തോന്നി. പക്ഷെ തൽക്കാലം ആ ബസ്സുകളിലൊന്നിൽ കയറിപ്പറ്റാനുള്ള പണം പോലും കൈവശമില്ലല്ലോ?

‘ ദൂരെ ഉയർന്നുനിൽക്കുന്ന മണിമന്ദിരം കണ്ണിൽപെട്ടത് അപ്പോഴാണ്. ഓട്ടുകമ്പനിയുടമസ്ഥൻ എസ്തപ്പാൻ മുതലാളിയുടെ വീട്. ഓട്ടുകമ്പനികൂടാതെ മറ്റെന്തൊക്കെയോ ബിസിനസ്സുള്ള ആൾ. പക്ഷെ ബാലക്രൂഷ്ണന്റെ മനസ്സിൽ എസ്തപ്പാൻ മുതലാളിക്കുള്ള വിശേഷണം ഒന്നുമാത്രമായിരുന്നു. ഒരു ജോലിതരാൻ കഴിവുള്ള ആൾ. പക്ഷെ എന്തുഫലം? നേരിട്ട് പരിചയമില്ല. ഒരിക്കൽ കമ്പനിവരെ ചെന്നു. വാതിൽക്കൽ നിന്നും തിരികെ പോരേണ്ടിവന്നു. ഒഴിവില്ലപോലും. വേണമെങ്കിൽ ഒരാളിനേക്കൂടി എടുക്കാൻ അവർക്ക് കഴിയുമായിരുന്നു. പക്ഷെ ആർക്കുവേണമെങ്കിൽ എന്നതാണ് പ്രധാനം. മുതലാളിയുടെ മകൾ ജോളി കോളേജ്മേറ്റാണ്. പക്ഷെ ഇപ്പോൾ കണ്ടാലറിയുമോ എന്നുകൂടി സംശയമാണ്.

മണി ഏതാണ്ട് രണ്ടര കഴിഞ്ഞുകാണും. ഇനി വീട്ടിലേക്ക് തിരിച്ചുപൊയ്ക്കളയാം എന്നുകരുതി തിരിയുമ്പോഴാണതു കണ്ടത്. മുതലാളിയുടെ ബംഗ്ലാവിൻെറ ഗേറ്റ് തുറക്കുന്നു. മുതലാളിയാണോ? നേരിട്ടൊന്നു സമീപിച്ചാലോ?

അപ്പോഴേക്കും ഗേറ്റുതുറന്ന ആൾ വെളിയിലെത്തിക്കഴിഞ്ഞിരുന്നു. രണ്ടുരണ്ടര വയസ്സുള്ള ഒരുകുട്ടി. കൂടെ ആരുമില്ല. മുതലാളിയുടെ

മക്കളുടെ കുട്ടികൾ ആരെങ്കിലുമായിരിക്കും.

കഴുത്തിലും കയ്യിലും സ്വർണ്ണാഭരണങ്ങൾ. നല്ല ഓമനയായൊരു കുഞ്ഞ്. അവൻ മുൻപോട്ടു നടക്കുകയാണ്.

എതിരെവന്ന ബസ്സ് തൊട്ടടുത്തുകൂടി ചീറിപ്പാഞ്ഞ് കടന്നുപോയപ്പോൾ ഞെട്ടിപ്പോയി. ആ ഞെട്ടലിൽ നിന്നുണർന്നപ്പോൾ ഒരു പുതിയ ചിന്ത, ഒരു പുതിയ പരിപാടി മനസ്സിൽ തെളിഞ്ഞു. ഒന്നു പരീക്ഷിച്ചുനോക്കിയാലോ?

ബാലക്രുഷ്ണൻ പതുക്കെ കുഞ്ഞിൻെറനേരെ നടന്നു. ഹ്രുദയം മിടിക്കുന്ന ശബ്ദം ബംഗ്ലാവിനുള്ളിൽ കേൾക്കുമെന്നുതോന്നി.. ചെവികളിൽ രക്തം ഇരമ്പുന്നു. ഭഗവാനേ, ഇതാരെങ്കിലും അറിഞ്ഞാൽ?

അപ്പോഴേക്ക് ചിരിച്ചുകൊണ്ട് കുഞ്ഞ് ബാലക്രുഷ്ണൻെറ അടുത്തെത്തിക്കഴിഞ്ഞിരുന്നു.

ബാലക്രുഷ്ണൻ ചുറ്റും നോക്കി. ആരുംതന്നെയില്ല.

അവൻ കുഞ്ഞിൻെറനേരെ കൈനീട്ടി അതിനെ പൊക്കിയെടുത്തു. ഗേറ്റുകടന്ന് ഉള്ളിലേക്കുനടക്കുമ്പോൾ നെഞ്ചിടിപ്പിൻെറ ശബ്ദം ആരെങ്കിലും കേൾക്കുമോ എന്നായിരുന്നു പരിഭ്രമം. കാലുകൾ മുന്നോട്ടുനീങ്ങാൻ വിസമ്മതിക്കുന്നതുപോലെ.

പൂമുഖത്തിനടുത്തെത്തിയപ്പോൾ നിന്നു. ആരെയും പുറത്തു കാണുന്നില്ല. ഇനിയെന്തു ചെയ്യും?

ആലോചിച്ചുനിന്നപ്പോൾ മുതലാളി പുറത്തേക്കു വന്നു. ബാലക്രുഷ്ണൻെറ കയ്യിൽ കുഞ്ഞിനെക്കണ്ട മുതലാളി ഒരുനിമിഷം

ബാലക്രുഷ്ണനേ നോക്കിനിന്നു. കണ്ണടയിലൂടെയുള്ള ആ നോട്ടം നേരിടാനുള്ള കരുത്തില്ലാതെ ബാലക്രുഷ്ണൻ തലകുനിച്ചു. കുഞ്ഞിനെ താഴെ നിറുത്തി. അത് മുതലാളിയുടെ അടുത്തേക്കോടി. കുഞ്ഞിനെ വാരിയെടുത്തിട്ട് മുതലാളി ചോദിച്ചു:

"എന്തുപറ്റി?"

മറുപടി പറയാൻ നെഞ്ചിടിപ്പും കിതപ്പും ബാലക്രുഷ്ണനെ അനുവദിച്ചില്ല. ഒടുവിൽ, ഒരുവിധത്തിൽ, വിക്കിവിക്കി പറഞ്ഞു:

"കുഞ്ഞ് ഒരു ബസ്സിൻെറ....."

തുടർന്നുപറയാൻ അവനു കഴിഞ്ഞില്ല. പക്ഷെ അത്രയും മതിയായിരുന്നു ഉദ്ദേശിച്ച ഫലം കിട്ടാൻ.

അകത്തുനിന്ന് ഒരു സ്ത്രീ ചാടിയിറങ്ങിവന്നു. ജോളി. മുതലാളിയുടെ കയ്യിൽനിന്നും അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് കുഞ്ഞിനെ പിടിച്ചുവാങ്ങി ഉമ്മവയ്ക്കാൻ തുടങ്ങി. പൊട്ടിക്കരച്ചിലിനിടയിലൂടെ വാക്കുകളും പുറത്തുവന്നു. എൻെറ മോനേ, എൻെറ മക്കളേ എന്നെല്ലാം.

കരച്ചിലും ബഹളവും കേട്ട് മറ്റുള്ളവരും പുറത്തുവന്നു. ആകെ ബഹളം. അതിനിടയ്ക്കാരോ മുതലാളിയോട് കാര്യങ്ങൾ ചോദിച്ചറിയാൻ ശ്രമിച്ചു. മുതലാളി വിശദീകരിച്ചു:

"മോൻ ആരും കാണാതെ റോഡിലിറങ്ങിപ്പോയി. ബസ്സിൻെറ കീഴിൽ പെട്ടേനെ." പിന്നെ ബാലക്രുഷ്ണൻെറ നേരെ തിരിഞ്ഞിട്ടുപറഞ്ഞു. "ഇയാൾ കണ്ടതുകൊണ്ട് രക്ഷപെട്ടു."

അപ്പോഴാണ് മറ്റുള്ളവർ ബാലക്രുഷ്ണനെ ശ്രദ്ധിച്ചത്. ജോളിയുടെ കരച്ചിലും ഇതിനകം അടങ്ങിയിരുന്നു. അവളും ബാലക്രുഷ്ണൻെറ നേരെനോക്കി. അവനെ ശ്രദ്ധിച്ചിട്ട് ചോദിച്ചു:

"ബാലക്രുഷ്ണനല്ലേ?"

"അതേ."

മറുപടി പറഞ്ഞതോടെ ബാലക്രുഷ്ണനാശ്വാസമായി. പരിഭ്രമം മാറി. ഏതായാലും എന്നെയറിയുന്ന ഒരാളിവിടെയുണ്ടല്ലോ?

ബാലക്രുഷ്ണന്റെ വേഷം കണ്ട് ഒന്നു മടിച്ചെങ്കിലും മുതലാളി പറഞ്ഞു:

“കയറിയിരിക്കൂ.”

അവൻ പൂമുഖത്തേക്കു കയറിനിന്നു. മുതലാളി നിർബന്ധിച്ചിട്ടും ഇരുന്നില്ല.

വീടിനേയും വീട്ടുകാരേയും പറ്റി മുതലാളി അന്വേഷിച്ചു. ജോളിയെ എങ്ങനെ പരിചയമുണ്ടെന്നു ചോദിച്ചു.

പക്ഷെ ബാലക്രുഷ്ണൻ ആഗ്രഹിച്ച ചോദ്യം മാത്രം ഉണ്ടായില്ല.

ആ ചോദ്യം ചോദിച്ചതു ജോളിയായിരുന്നു. ഒരുകപ്പു ചായയും കൊണ്ടാണവൾ വന്നത്. മുഖത്തെ ദു:ഖഭാവമെല്ലാം മാറിയിരുന്നു. ചായ ബാലക്രുഷ്ണന് കൊടുത്തിട്ട് അവൾ പറഞ്ഞു:

“ബാലക്രുഷ്ണൻ കണ്ടതുകൊണ്ട് മോൻ രക്ഷപെട്ടു.”

മറുപടിയായി ഒന്നു പുഞ്ചിരിക്കാൻപോലും അവനു കഴിഞ്ഞില്ല. അവനെ ആകെയൊന്നു നോക്കിയിട്ട് അവൾ ചോദിച്ചു:

“ഇപ്പോളെന്തു ചെയ്യുന്നു?”

ആഗ്രഹിച്ച ചോദ്യം. പക്ഷെ അത് അവളിൽനിന്നു വന്നപ്പോൾ താൻ അവിടെ വളരെ ചെറുതായതുപോലെ അവനുതോന്നി. മടിച്ചുമടിച്ചാണ് മറുപടി പറഞ്ഞത്:

“എന്തെങ്കിലും ഒരു ജോലിക്കു ശ്രമിക്കുന്നു.”

കൂടുതൽ ഒന്നും പറയാൻ അവനു കഴിഞ്ഞില്ല. പക്ഷെ അവന്റെ വേഷവും ദൈന്യതകലർന്ന മുഖഭാവവും തളർന്നകണ്ണുകളും അവൾക്ക് എല്ലാം വ്യക്തമാക്കിക്കൊടുത്തു. അവരെ രണ്ടുപേരേയും ശ്രദ്ധിച്ചുകൊണ്ടിരുന്ന

മുതലാളിയുടെനേരെ അവൾ നോക്കി. അച്ഛന്റേയും മകളുടേയും കണ്ണുകൾ സംസാരിച്ചു.

മുതലാളി പെട്ടെന്ന് അകത്തേക്കുപോയിട്ട് തിരിച്ചുവന്നു. ഒരു വിസിറ്റിങ് കാർഡിന്റെ പുറത്ത് ഒപ്പിട്ട് അവനെ ഏൽപ്പിച്ചിട്ട് പറഞ്ഞു:

"നാളെ കമ്പനിയിൽ വന്ന് എന്നെ കാണണം. ഈ കാർഡ് കാണിച്ചാൽ അവർ അകത്തുവിടും. എന്തെങ്കിലും ശരിയാക്കാം."

ജീവിതത്തിൽ ഇത്രയും സന്തോഷകരമായ വാക്കുകൾ ഒരിക്കലും കേട്ടിട്ടില്ലെന്ന് ബാലക്രുഷ്ണന് തോന്നി. ഇനി ഇവിടെ നിൽക്കാൻ വയ്യ. ഇവരുടെ മുഖത്ത് നോക്കാൻ ധൈര്യമില്ല.

ചായക്കപ്പ് ജോളിയെ ഏൽപ്പിച്ചു. രണ്ടുപേരോടും യാത്രചോദിച്ചപ്പോൾ ജോളി പറഞ്ഞു:

"നാളെത്തന്നെ കമ്പനിയിൽ പോകണം. മറക്കരുത്."

അവൻ ഗേറ്റിനുനേരെ നടന്നു. അച്ഛനും മകളും തന്നേത്തന്നെ നോക്കിയിരിക്കുന്നതായി അവന് അനുഭവപ്പെട്ടു.

ജോലികിട്ടിയ വിവരം വീട്ടിലറിയിക്കാനായി തിരക്കിട്ടുനടന്നപ്പോൾ അവൻ ഓർത്തു:

'ഇനി എനിക്കും ഒരു രഹസ്യം സൂക്ഷിക്കാനുണ്ട്. എനിക്ക് ജോലികിട്ടിയതിന്റെ രഹസ്യം."

†††††††††††††††††